"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ ചീഫ് എഞ്ചിനീയറുടെ ചുമതലകൾകൂടി നിർവ്വഹിക്കുന്ന സിവിൽ എഞ്ചിനീയറായ ശ്രീ. എൻ. അജയകുമാറിന് പ്രതിമാസ മൊത്ത ശമ്പളം 60,000 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.289/2022/LSGD തീയതി,തിരുവനന്തപുരം, 09-02-2022

---

പരാമർശം:-
1. സ.ഉ.(സാധാ) 161/2017/ത.സ്വ.ഭ.വ , തീയതി 08.08.2017
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/12/2021 തീയതിയിലെ എൽ.എം.4/10/2017/ലൈഫ്/കോൺട്രാക്ട് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 4 എഞ്ചിനീയർമാരിൽ ഒരാൾ ആർക്കിടെക്ടും മറ്റ് മൂന്ന് സിവിൽ എഞ്ചിനീയർമാരിൽ ഒരാൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച ജീവനക്കാരൻ ആയിരിക്കണമെന്നും ശേഷിക്കുന്ന രണ്ട് പേരിൽ (അന്യത്രസേവനം) ഒരാൾ സ്ട്രക്ചറൽ എഞ്ചിനീയർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പദവിയിൽ നിന്ന് വിരമിക്കുകയും 10.10.2019-മുതൽ ലൈഫ് മിഷനിൽ സിവിൽ എഞ്ചിനീയറായി കരാറടിസ്ഥാനത്തിൽ ജോലി നോക്കി വരികയും ചെയ്യുന്ന ശ്രീ. അജയകുമാർ എൻ, ലൈഫ് മിഷനിൽ ചീഫ് എഞ്ചിനീയറുടെ ചുമതലകളും നിർവ്വഹിച്ചുവരുന്നു. കരാർ ജോലിയിൽ പ്രവേശിച്ച കാലം മുതൽ പ്രതിമാസം ആകെ 50,000 രൂപയാണ് ടിയാന് ശമ്പളമായി നൽകിവരുന്നത്. ലൈഫ് മിഷനിൽ നിലവിൽ 36 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. 2022-23- ഓടു കൂടി ടി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. പ്രീഫാബ് സാങ്കേതിക വിദ്യ പ്രകാരം ആരംഭിച്ചിട്ടുള്ള ടി ഭവന സമുച്ചയങ്ങളുടെ നിർമ്മാണ മേൽനോട്ടം ഉൾപ്പെടെയുള്ള എല്ലാ ചുമതലകളും തുടക്കം മുതൽ തന്നെ നിർവ്വഹിച്ചുവരുന്ന ശ്രീ. അജയകുമാറിന്റെ സേവനം ലൈഫ് മിഷനിൽ വളരെ അത്യാവശ്യമാണെന്നും നിലവിൽ ശ്രീ. അജയകുമാറിന് അനുവദിക്കുന്ന പ്രതിമാസ മൊത്ത ശമ്പളം ജില്ലാതല എഞ്ചിനീയർമാർക്ക് നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കുറവായതിനാൽ ലൈഫ് മിഷനിൽ ചീഫ് എഞ്ചിനീയറുടെ ചുമതലകൾകൂടി നിർവ്വഹിക്കുന്നതും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ചയാളുമായ ശ്രീ. അജയകുമാർ, സിവിൽ എൻജിനീയറുടെ പ്രതിമാസ മൊത്ത ശമ്പളം 60,000 (അറുപതിനായിരം രൂപ മാത്രം) രൂപയായി നിശ്ചയിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ ചീഫ് എഞ്ചിനീയറുടെ ചുമതലകൾകൂടി നിർവ്വഹിക്കുന്നതും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ചയാളുമായ ശ്രീ.എൻ.അജയകുമാർ, സിവിൽ എൻജിനീയറുടെ പ്രതിമാസ മൊത്ത ശമ്പളം 60,000 (അറുപതിനായിരം രൂപ മാത്രം) രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്കായി വകയിരുത്തിട്ടുള്ള തുകയിൽ നിന്ന് വഹിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ എൻ. അജയകുമാർ, സിവിൽ എഞ്ചിനീയർ (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടി ഓഫീസർ മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reen

സെക്ഷൻ ഓഫീസർ